## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 53

08/06/2015 ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | മറുപടി<br>ശ്രീ.ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
|---|---|
| എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇതിന്റെ രൂപരേഖ അന്തിമമായി തീർപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിൽ വിദഗ്ദ്ധ ആരോഗ്യ പരിപാലനം, ഫിസിക്കൽ റിഹാബിലിറ്റേഷൻ, തൊഴിൽ പരിശീലനം, വ്യക്ത്യാധിഷ്ഠിതമായ ശാരീരിക-മാനസിക വികസനത്തിനുള്ള കോഴ്സുകൾ, ഷോർട്ട് സ്റ്റേ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിൽ ഉള്ളത്.<br>ബന്ധപ്പെട്ട വിദഗ്ദ്ധ സമിതി തയ്യാറാക്കിയ സമഗ്ര പുനരധിവാസ ഗ്രാമത്തിന്റെ കരട് രൂപരേഖ ചർച്ച ചെയ്യുന്നതിലേക്കായി ആരോഗ്യം, സാമൂഹ്യ നീതി, റവന്യൂ എന്നീ മേഖലയിൽ പ്രവർത്തിച്ചു വരുന്ന വിദഗ്ദ്ധരെ പങ്കെടുപ്പിച്ചു കൊണ്ട് ശിൽപശാല സംഘടിപ്പിക്കുകയും പ്രസ്തുത ശിൽപശാലയിൽ നിന്നും ഉയർന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് അന്തിമ രൂപരേഖ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| സി) | ഇതിനായി സ്ഥലം എവിടെയാണ് കണ്ടെത്തിയിട്ടുള്ളത്; ഈ സ്ഥലം ഇതിനായി വിട്ടു നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | സി) | കാസർഗോഡ് ജില്ലയിലെ മുളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റിഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ